# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.82 - 08/02/2016 - ലെ മറുപടിക്ക്**

## പതിനാലാം ധനകാര്യ കമ്മീഷൻ -കേന്ദ്രവിഷ്കൃത പദ്ധതികൾ

| ചോദ്യം<br>ശ്രീ.എം.ചന്ദ്രൻ | ഉത്തരം<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കേന്ദ്രസർക്കാർ പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡിന്റെ ഭാഗമായി നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണ്; ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും തമ്മിലുള്ള അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്; കേന്ദ്രവിഹിതം പകുതിയാക്കിയ പദ്ധതികൾ ഏതെല്ലാം; | 14-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 2015-16 ലെ കേന്ദ്ര ബജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ Funding Pattern -ൽ മാറ്റം വരുത്തുകയും ചില കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) നിർത്തലാക്കിയതും, കേന്ദ്രവിഹിതം പകുതി ആക്കിയതുമായ പദ്ധതികൾ സംസ്ഥാനത്ത് തുടർന്നും നടപ്പാക്കുന്നതിന് മൊത്തം എത്ര കോടി രൂപ ആവശ്യമാണ്; പദ്ധതികൾ എല്ലാം സംസ്ഥാനത്ത് തുടർന്നും നടപ്പിലാക്കിയിട്ടുണ്ടോ; തന്നാണ്ടിൽ ഇതിനകം ഈ പദ്ധതികൾക്ക് വേണ്ടി എന്തു തുക ചെലവഴിച്ചു ; | സംസ്ഥാന ആസൂത്രണ ബോർഡ് Funding Pattern -ൽ മാറ്റമുള്ളതും നിർത്തലാക്കിയതുമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 1806.61 കോടിരൂപ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം (30.11.2015 വരെ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി പദ്ധതിയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) പതിനാലാം ധനകാര്യ കമ്മീഷൻ അവാർഡ് ആയി ലഭിക്കുന്ന തുകയുടെ എത്ര ശതമാനം വേണ്ടി വരും ഈ പദ്ധതികൾ തുടർന്നും നടപ്പിലാക്കാൻ ; വിശദാംശം ലഭ്യമാക്കുമോ ? | കേന്ദ്ര സർക്കാർ നിർത്തലാക്കിയതും കേന്ദ്രവിഹിതം വെട്ടിക്കുറച്ചതുമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ തുക ധനകാര്യ കമ്മീഷൻ നടപ്പു സാമ്പത്തിക വർഷം ശുപാർശ ചെയ്തിട്ടുള്ള തുകയുടെ 10 ശതമാനമാണ്. |

അക്കൗണ്ട്സ് ഓഫീസർ